വൃക്ക മാറ്റിവയ്ക്കുന്ന രോഗികൾക്ക് വൃക്ക നൽകുന്ന വ്യക്തിക്ക് ഈ പദ്ധതിയിൽനിന്നും ഒരു ലക്ഷം രൂപ അനുവദിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയിൽ നിന്നും നൽകുന്ന പരമാവധി ധനസഹായം രണ്ട് ലക്ഷം രൂപയാണ്. എന്നാൽ ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിലും ഭാരിച്ച ചികിത്സാ ചിലവ് കണക്കിലെടുത്ത് ഓരോ രോഗിക്കും പരിധിയില്ലാതെ ചികിത്സാ ധനസഹായം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിൽ നിന്നുള്ള ലാഭം ഉപയോഗിച്ചാണ് ചികിത്സാ ധനസഹായം നൽകുന്നത്. പ്രസ്തുത വരുമാനത്തേക്കാൾ ചികിത്സാ ചെലവ് വളരെ അധികരിച്ചിരിക്കുന്നതിനാൽ ചികിത്സാ ധനസഹായം വർദ്ധിപ്പിച്ചു നൽകുന്നതിന് തടസ്സമുണ്ട്.

വൈദ്യുതി സംസ്ഥാനത്തേക്ക് എത്തിക്കാനുള്ള പദ്ധതികൾ

6 (*36) ശ്രീ. കെ. ദാസൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനുവദിക്കപ്പെട്ട കേന്ദ്ര വൈദ്യുതി വിഹിതം സ്വീകരിക്കാനുള്ള സംവിധാനം ഒരുക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ ;

(ബി) വൈദ്യുതി സംസ്ഥാനത്തേക്ക് എത്തിക്കാൻ നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണ് ;

(സി) പുതുതായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയായിരുന്നു ; അവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ; അവ ഏത് വർഷത്തിൽ പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത് ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും വിഹിതമായി കിട്ടുന്ന മുഴുവൻ വൈദ്യുതിയും കേരളത്തിലേയ്ക്ക് എത്തിക്കുവാൻ ഇപ്പോൾ സാധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള അന്തർ സംസ്ഥാന പ്രസരണ ലൈനുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

1.	ഉഡുമൽ	പാലക്കാട്-മാടക്കത്തറ (തൃശ്ശൂർ) കൊച്ചി 400 കെ.വി. ലൈൻ
2.	തിരുനെൽവേലി	തിരുവനന്തപുരം 400 കെ.വി. ലൈൻ
3.	തിരുനെൽവേലി	ഇടമൺ 220 കെ.വി. ലൈൻ
4.	കുഴിത്തുറ	പാറശ്ശാല 110 "
5.	മൂഴിയാർ	തേനി 220 "
6.	ഇടുക്കി	ഉഡുമൽ 220 "
7.	കണിയാംപെറ്റ	കടക്കോള 220 "
8.	മാംഗ്ലൂർ	മഞ്ചേശ്വരം 110 "

(സി) പുതിയതായി ആവിഷ്കരിച്ച പദ്ധതികളും അവയുടെ നിർമ്മാണ പുരോഗതിയും സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു :

1. മൈസൂർ-കോഴിക്കോട് 400 കെ.വി. ലൈനിന്റെ പണി പുരോഗമിക്കുന്നു. ഈ ലൈൻ 2007 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി നിർമ്മിക്കുന്ന തിരുനെൽവേലി-കൊച്ചി-മാടക്കത്തറ 400 കെ.വി. ലൈനിന്റെ ഇടമൺ-കൊച്ചി ഭാഗമൊഴിച്ച് മറ്റ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതാണ്.

2. ഇടമൺ-കൊച്ചി ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2010 മാർച്ചിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ടി. പ്രവൃത്തികൾ തർക്കങ്ങൾ പരിഹരിച്ച് പുനരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. പുഗലൂർ-മാടക്കത്തറ 320 കെ.വി. എച്ച്.വി.ഡി.സി ലൈൻ, മാടക്കത്തറ-അരീക്കോട് 400 കെ.വി. ലൈൻ, അരീക്കോട്-മൈലാട്ടി-ഉടുപ്പി 400 കെ.വി. ലൈൻ എന്നീ ലൈനുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മൈസൂർ-കോഴിക്കോട് 400 കെ.വി. ലൈൻ നിർമ്മാണം 2015 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കുമെന്ന് കരുതുന്നു. പുഗലൂർ-മാടക്കത്തറ 320 കെ.വി. ലൈനിന്റെ പണി 2019-ഓടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

വിലക്കയറ്റം പിടിച്ചുനിർത്താൻ സഹകരണമേഖലയുടെ പ്രവർത്തനങ്ങൾ

7 (*37) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകാനായി സഹകരണ മേഖലയെ പ്രയോജനപ്പെടുത്തിയത് എപ്രകാരമാണെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി സഹകരണ സംഘങ്ങളും കൺസ്യൂമർഫെഡും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് നൽകുന്നതിനായി ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ എത്രമാത്രം സഹായിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) പൊതു വിപണിയിലെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ നിന്നും 20% വരെ വില കുറച്ച് നന്മ സ്റ്റോറുകളിലൂടെയും, വില വർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പക്സ് സ്ഥാപനമായ കൺസ്യൂമർ ഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണന മേളകളിലൂടെയും അവശ്യസാധനങ്ങൾ വില കുറച്ച് വിപണനം നടത്തുന്നതിനുള്ള നടപടികളാണ് സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly